## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1368 31/10/2019 ൽ മറുപടിയ്ക്ക്**

### സ്വകാര്യ അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് മിനിമം വേതനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. കെ.എൻ.എ.ഖാദർ | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) സ്വകാര്യ അൺ എയ്ഡഡ് സ്കൂളുകളിൽ ജോലി ചെയ്യുന്ന അധ്യാപകർക്ക് മിനിമം വേതനം ഉറപ്പാക്കാൻ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കാമോ ;<br><br>(ബി) പ്രസ്തുത ഉദ്ദേശ്യലക്ഷ്യം നിറവേറ്റുന്നതിനായി നിയമ നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ ;<br><br>(സി) ഏങ്കിൽ അതിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ ? | (എ), (ബി)& (സി) സംസ്ഥാനത്തെ അംഗീകാരമുള്ള അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർ നേരിടുന്ന തൊഴിൽ ചൂഷണവും തൊഴിൽ സുരക്ഷിതത്വമില്ലായ്മയും പരിഹരിക്കുന്നതിന് അദ്ധ്യാപകർക്ക് മിനിമം വേതനം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ ഒരു പുതിയ നിയമ നിർമ്മാണം നടത്തുന്നതുമായി ബന്ധപ്പെട്ട് തൊഴിൽ വകുപ്പ് ലഭ്യമാക്കിയ 'കേരള പെയ്മെന്റ് ഓഫ് മിനിമം വേജസ് ടു ടീച്ചേഴ്സ് ഓഫ് അൺ എയ്ഡഡ് ഇൻസ്റ്റിറ്റ്യൂഷൻ' എന്ന പേരിലുള്ള കരട് ബിൽ സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ